പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2650 | 10.12.2014- ൽ മറുപടിക്ക് |
|---|---|

## പഴവർഗ്ഗങ്ങളിലെ കീടനാശിനികളുടെ ഉപയോഗം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വർക്കല കഹാർ<br>" തേറമ്പിൽ രാമകൃഷ്ണൻ<br>" വി. ഡി. സതീശൻ<br>" അൻവർ സാദത്ത് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | പച്ച മാങ്ങ കാൽസ്യം കാർബണേറ്റ് ഉപയോഗിച്ച് പഴുപ്പിക്കുന്ന പ്രക്രിയ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) | എങ്കിൽ ഇവ ഫലപ്രദമായി നേരിടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കാമോ? | ബി) | സംസ്ഥാനത്തേക്ക് കൂടുതലായും മാമ്പഴം എത്തിക്കുന്ന തമിഴ് നാട്, കർണ്ണാടക, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുമായി ഇവിടുത്തെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ചർച്ച നടത്തിയിട്ടുള്ളതും, ഇത്തരത്തിലുള്ള പരാതികൾ ഒഴിവാക്കുവാൻ വേണ്ട ഫലപ്രദമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. കൂടാതെ, സംസ്ഥാനത്തെ വിപണികളിൽ മാമ്പഴത്തിന്റെ സാമ്പിളുകൾ ശേഖരിച്ച്, കാർഷിക സർവ്വകലാശാലയുടെ സേവനം കൂടി ഉൾപ്പെടുത്തി, പരിശോധിക്കുവാനും, കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ നിയമമനുസരിച്ച് കർശന നടപടി സ്വീകരിക്കുവാനും ഇതിനകം എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻഓഫീസർ**